കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ബി) വകുപ്പ്

സ.ഉ.(കൈ) നം.187/2023/RD തീയതി,തിരുവനന്തപുരം, 03-08-2023

പരാമർശം:- 1. 29/12/2017-ലെ സ.ഉ.(കൈ) നമ്പർ 448/2017/റവ.

2. മലപ്പുറം ജില്ലാ കളക്ടറുടെ 30/06/2023-ലെ DCMPM/4727/2022-LA1-Part(1) നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 64 കുടുംബങ്ങളെ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ടെന്ന് പരാമർശം 2 പ്രകാരം മലപ്പുറം ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. പരാമർശം 1-ലെ സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പോളിസി പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് താഴെ പറയും പ്രകാരം 4,60,000/- രൂപയ്ക്ക് അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| ക്രമ നമ്പർ | അനുവദനീയമായ ഘടകങ്ങൾ (G.O(Ms) No. 448/2017/RD തിയതി 29.12.2017) | തുക |
|---|---|---|
| 1 | ക്രമ നമ്പർ. 1 - Provision of housing units in case of displacement | 3,00,000/- |
| 2 | ക്രമ നമ്പർ. 5 - Subsistence grant for displaced families for a period of one year | 60,000/- |
| 3 | ക്രമ നമ്പർ. 6 Transportation cost for displaced families: | 50,000/- |
| 4 | ക്രമ നമ്പർ. 8 - One time grant to artisan, small traders and certain others: | 50,000/- |
| | ആകെ | 4,60,000/- |

2. ജനപ്രതിനിധികളും മറ്റ് പദ്ധതി ബാധിതരുമായി ജില്ലാ കളക്ടർ നടത്തിയ ഉഭയകക്ഷി ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് 5,40,000/- രൂപ അധിക സഹായമായി നൽകി അതുവഴി കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും ആകെ 10 ലക്ഷം രൂപ വീതം

(4,60,000/- രൂപ + 5,40,000/-രൂപ) പ്രത്യേക പുനരധിവാസ പാക്കേജായി നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, നെടിയിരുപ്പ് എന്നീ വില്ലേജുകളിലെ 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള 4,60,000/- രൂപയ്ക്ക് പുറമെ 5,40,000/- രൂപ അധിക സഹായമായി നൽകി ഒരു കുടുംബത്തിന് ആകെ 10,00,000/- രൂപയുടെ (പത്ത് ലക്ഷം രൂപ മാത്രം) പ്രത്യേക പുനരധിവാസ പാക്കേജ്, ഇത് ഒരു കീഴ്വഴക്കമാക്കരുത് എന്ന നിബന്ധനയോടെ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഗതാഗത വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (02/08/2023-ലെ മന്ത്രിസഭയോഗ തീരുമാനം ഇനം. നം.1686 പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Vinu V Gopal
Date: 04-08-2023 10:55:23
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. റവ-ബി3/203/2023/റവ. ഇനം നം: 1686

വിഷയം : റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുന്നത്.

തീരുമാനം : ഇത് ഒരു കീഴ്‌വഴക്കമാക്കരുതെന്ന നിബന്ധനയോടെ പ്രത്യേക കേസായി പരിഗണിച്ച് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ബി3/203/2023-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/07/2023 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ അബ്ദുൾ നാസർ ബി |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.07.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.07.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ കെ രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29.07.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 31.07.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

മലപ്പുറം ജില്ലയിലെ പള്ളിക്കൽ, നെടിയിരുപ്പ് വില്ലേജുകളിൽ ഉൾപ്പെട്ട 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ഈ കേസിൽ, 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളതും, നടപടിക്രമങ്ങൾ പാലിച്ച് 2013-ലെ എൽ.എ.ആർ.ആർ നിയമത്തിലെ സെക്ഷൻ 11 സബ് സെക്ഷൻ (1) പ്രകാരമുള്ള വിജ്ഞാപനം 08/06/2023-ലെ സ.ഉ(അച്ചടി) നമ്പർ 140/2023/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

3. ജില്ലാ കളക്ടറുടെ 30/06/2023-ലെ കത്തിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 64 കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്നുണ്ടെന്ന് അറിയിക്കുകയുണ്ടായി. 29/12/2017-ലെ സ.ഉ(കൈ) നമ്പർ 448/2017/റവ സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പോളിസി പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് താഴെ പറയും പ്രകാരം 4,60,000/- രൂപയ്ക്ക് അർഹതയുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

| ക്രമ നമ്പർ | അനുവദനീയമായ ഘടകങ്ങൾ (G.O(Ms) No. 448/2017/RD തിയതി 29.12.2017) | തുക |
|---|---|---|
| 1 | ക്രമ നമ്പർ. 1 - Provision of housing units in case of displacement | 3,00,000/- |
| 2 | ക്രമ നമ്പർ. 5 - Subsistence grant for displaced families for a period of one year | 60,000/- |
| 3 | ക്രമ നമ്പർ. 6 Transportation cost for displaced families: | 50,000/- |
| 4 | ക്രമ നമ്പർ. 8 - One time grant to artisan, small traders and certain others: | 50,000/- |
| | ആകെ | 4,60,000/- |

4. ജനപ്രതിനിധികളും മറ്റ് പദ്ധതി ബാധിതരുമായി ജില്ലാ കളക്ടർ നടത്തിയ ഉഭയകക്ഷി ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു കുടുംബത്തിന് 5,40,000/- രൂപ അധിക സഹായമായി നൽകി അതുവഴി കുടിയിറക്കപ്പെടുന്ന ഓരോ കുടുംബത്തിനും ആകെ 10 ലക്ഷം രൂപ വീതം (4,60,000/- രൂപ + 5,40,000/-രൂപ) പ്രത്യേക പുനരധിവാസ പാക്കേജായി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി.

5. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെടുന്ന 64 കുടുബങ്ങൾക്ക് പ്രത്യേക പാക്കേജ് അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഫയൽ ബഹു: മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"1). 64 കുടുംബങ്ങൾക്കുള്ള പ്രത്യേക പാക്കേജ് നിർദ്ദേശം അംഗീകരിച്ചു.

2).ആകെ വേണ്ടിവരുന്ന 14.5 ഏക്കർ ഭൂമിക്കുള്ള നഷ്ടപരിഹാരത്തിനുള്ള തുക കണ്ടെത്തുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി ധനകാര്യ, ഗതാഗത വകുപ്പ് സെക്രട്ടറിമാരുമായി കൂടിയാലോചിച്ച് അതിനുള്ള നിർദ്ദേശം സമർപ്പിക്കുക.

മേൽ രണ്ടു നിർദ്ദേശങ്ങളിലും ധനവകുപ്പിന്റെ അഭിപ്രായത്തോടുകൂടി ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക".

6. ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 19/07/2023-ൽ ചീഫ് സെക്രട്ടറി യോഗം വിളിച്ചു ചേർത്തിട്ടുള്ളതും, താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതാണ്.

"1. The Revenue Department shall submit the proposal for the Special Rehabilitation package of Rs. 10 lakhs for each displaced family (Rs. 4,60,000/- as per the Rehabilitation Policy & additional assistance of Rs. 5,40,000/-) for the consideration of the Council of Ministers.

2. Transport Department to place the proposal for meeting the anticipated LA cost of Rs. 84.10 Crores from the State exchequer before the Council of Ministers in consultation with the Finance Department.

3. Revenue Department shall issue necessary directions to DC to proceed with the acquisition by 19(1) declaration and issuing award enquiry notice on the condition that the anticipated LA cost of Rs. 84.10 crores requested will be deposited in the relevant head prior to passing awards.

4. Land acquisition process shall be completed and land handed over to the Requisitioning Authority before 16.09.2023".

7. തുടർന്ന്, പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിക്കുന്ന കാര്യത്തിൽ ഫയൽ ചംക്രമണം ചെയ്ത അവസരത്തിൽ ബഹു. മുഖ്യമന്ത്രി താഴെ പറയും പ്രകാരം ഉത്തരവിടുകയുണ്ടായി.

"മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക ".

8. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് സെക്രട്ടറി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

" We may agree to the proposal of FD as a special case considering the requirement of developing the airport. This cannot be a precedent".

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ, നെടിയിരുപ്പ് എന്നീ വില്ലേജുകളിലെ 14.5 ഏക്കർ ഭൂമി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഇരുവശത്തും Runway End Safety Area (RESA) നിർമ്മാണത്തിന് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് മാനദണ്ഡ പ്രകാരമുള്ള 4,60,000/- രൂപയ്ക്ക് പുറമെ 5,40,000/- രൂപ അധിക സഹായമായി നൽകി ഒരു കുടുംബത്തിന് ആകെ 10,00,000/- രൂപ പ്രത്യേക പുനരധിവാസ പാക്കേജായി അനുവദിക്കാമോ?